



## പെരുമ്പാവൂർ റയോൺസ് പുനരുദ്ധാരണ വ്യവസ്ഥകൾ പരസ്യപ്പെടുത്തുക

കേന്ദ്രവ്യവസായ പുനരുദ്ധാരണബോർഡിന്റെ നിയന്ത്രണത്തിലായിക്കഴിഞ്ഞിട്ടുള്ളതും കേരളസർക്കാരിന്റെ പാട്ടഭൂമിയിൽ പ്രവർത്തിച്ചുവരുന്നതും വിവിധ സർക്കാർ ഏജൻസികൾക്കും ധനകാര്യ സ്ഥാപനങ്ങൾക്കുമായി 200 കോടി രൂപയോളം ബാധ്യതയുള്ളതുമായ പെരുമ്പാവൂർ ട്രാവൻകൂർ റയോൺസിന്റെ പുനരുദ്ധാരണച്ചുമതല തിടുക്കത്തിൽ ഒരു സ്വകാര്യ വ്യക്തിക്ക് കൈമാറുന്നതിനുള്ള നീക്കത്തിൽനിന്ന് സർക്കാർ പിന്തിരിയണമെന്ന് പരിസ്ഥിതി-സാംസ്കാരിക കൂട്ടായ്മ ആവശ്യപ്പെട്ടു.

1500 കോടി രൂപ മുതൽമുടക്കി ഫാക്ടറി പുനരുദ്ധരിക്കുന്നതിന് ബി.ഐ.എഫ്.ആറുമായി ധാരണയിലെത്തിയ ദാമോദർ ഗ്രൂപ്പ് പിൻവാങ്ങിയതിനെത്തുടർന്ന് 10 കോടിയോളം രൂപമാത്രം നേരിട്ട് മുതൽമുടക്കിക്കൊണ്ട് 350 കോടി രൂപയുടെ ആസ്തിയുള്ള സ്ഥാപനം 99 വർഷത്തെ പാട്ടക്കരാർ മുഖേന കൈവശപ്പെടുത്തുന്നതിന് പള്ളുരുത്തിയിലെ ഇലഞ്ഞിക്കൽ ഗ്രൂപ്പ് മുന്നോട്ട് വന്നിട്ടുള്ളത്. ഇതോടൊപ്പം ചെറുകിട വൈദ്യുത പദ്ധതി നടത്തിപ്പിനെന്നപേരിൽ പാണിയേലിപോര്, കല്ലാർ, ചേപ്പാട് എന്നീ ടൂറിസം പ്രാധാന്യമുള്ള സ്ഥലങ്ങളിൽ സർക്കാർഭൂമി കൈമാറാനും തടയണ കെട്ടുന്നതിനും നീക്കം നടക്കുന്നതായി അറിയുന്നു.

74 ഏക്കർ വരുന്ന റയോൺസ് കമ്പനി വളപ്പിൽ പുതുതായ് തുടങ്ങാനുദ്ദേശിക്കുന്ന ചെറുകിട-വ്യവസായ പദ്ധതികൾ എന്താണെന്നത് സംബന്ധിച്ച് വ്യക്തമായ യാതൊരു പ്രൊജക്ട് റിപ്പോർട്ടും ഇല്ലാതെ മറച്ചുവയ്ക്കപ്പെട്ട റിയൽ എസ്റ്റേറ്റ് താൽപ്പര്യങ്ങൾക്കായ് ചുളുവിലയ്ക്ക് സ്ഥാപനം കൈമാറുന്നതിന് സംശയാസ്പദമായ വ്യവസായ പശ്ചാത്തലമുള്ള ഒരു പ്രൊമോട്ടറെ കണ്ടെത്തിയതിലെ ഉദ്ദേശശുദ്ധി ചോദ്യം ചെയ്യപ്പെടാവുന്നതാണ്.

കേരള സർക്കാർ കെ.എസ്.ഐ.ഡി.സി., കെ.എം.എം.എൽ., ഇലക്ട്രിസിറ്റി ബോർഡ് തുടങ്ങിയവയ്ക്കായ് 35 കോടി രൂപയും പൊതു-സ്വകാര്യ മേഖലാ ബാങ്കുകൾക്കും ധനകാര്യ സ്ഥാപനങ്ങൾക്കുമായി 110 കോടി രൂപയും ഗ്രാറ്റുവിറ്റി, പി.എഫ്., ഇ.എസ്.ഐ., എൽ.ഐ.സി., തൊഴിലാളി സഹകരണസംഘം എന്നിവയ്ക്കായ് 10 കോടി രൂപയും ബാധ്യതകളുള്ള സ്ഥാപനത്തിന്റെ ബാധ്യതകൾ പിൻവാതിൽ നീക്കങ്ങളിലൂടെ 10 കോടിയായി ചുരുങ്ങുമ്പോൾ സർക്കാരിന് യാതൊരുവിധ ഓഹരി പങ്കാളിത്തമോ നിയന്ത്രണമോ ഇല്ലാത്ത വിധമാണ് കൈമാറ്റനീക്കം നടക്കുന്നത്. കെ.എസ്.ഇ.ബി.യ്ക്ക് നൽകാനുള്ള 20 കോടി കുടിശ്ശികയ്ക്കുപകരം റയോൺസ് ഭൂമി (സർക്കാരിന്റെ തന്നെ ഭൂമി) കൈമാറി 220 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നത് പ്രമോട്ടർക്ക് ഐ.ടി. അടക്കമുള്ള വ്യവസായ സംരംഭങ്ങൾക്കായി ഭൂമി മറിച്ചു വില്ക്കുന്നതിന് സഹായകമായിത്തീരും. പ്രത്യേക സാമ്പത്തിക മേഖലയിൽ ഉൾപ്പെടുത്തി നികുതിയിളവുകൾ നേടുന്നതിനും നീക്കമുണ്ടാകും. ഇപ്പോൾത്തന്നെ ഇലഞ്ഞിക്കൽ ഗ്രൂപ്പിന്റെ ഉടമസ്ഥതയിൽ ആലുവ എരുമത്തലയിൽ പ്രവർത്തിക്കുന്ന സ്പ്രിന്റ് കോള ഫാക്ടറിയും കുടിവെള്ള നിർമ്മാണയൂണിറ്റും ഇവിടേയ്ക്ക് പ്രവർത്തനം മാറ്റുമെന്ന് അറിയുന്നു. പ്രത്യേക സാമ്പത്തിക മേഖലയാക്കപ്പെട്ടാൽ പൂർണ്ണമായും കയറ്റുമതി ലക്ഷ്യമാക്കുന്നതിലൂടെ ഫലത്തിൽ പെരിയാർ വില്പനയുടെ ഒരു പുതിയ രൂപമായ് അത് മാറും.

കേവലം മുപ്പതു കോടിരൂപ മുതൽ മുടക്കിയാൽ റയോൺസിന്റെ ബാധ്യതകൾ എല്ലാം തീർത്ത് ഫാക്ടറി സർക്കാരിന് ഏറ്റെടുക്കാനാകും. ഇതിന്റെ പതിന്മടങ്ങ് ഒറ്റത്തവണ പാട്ടമായ് വാങ്ങി കൃത്യമായ നിബന്ധനകളോടെ ചെറുകിട വ്യവസായ സംരംഭകരെ ക്ഷണിച്ചാൽ നിരവധിപേർ അതിനായ് രംഗത്തെത്തും. ഏകപക്ഷീയമായ് പിൻവാതിൽ ചർച്ചകൾ നടത്തി അവ്യക്തമായ വ്യവസ്ഥകളോടെ ഒരു സ്വകാര്യ സംരംഭകന് പെരിയാറിന്റെ തീരത്ത് നെടുമ്പാശ്ശേരി വിമാനത്താവളത്തിനും എം.സി. റോഡിനും സമീപമുള്ള ഈ ഭൂമി ദീർഘകാലപാട്ടത്തിന് നൽകുന്നത് ശരിയായ നീക്കമായ് കരുതാനാവില്ല.

*ജിയോ ജോസ്, സി.ആർ. നീലകണ്ഠൻ, സി. ജയചന്ദ്രൻ, കെ.കെ. ബഷീർ, എൻ.പി. ജോൺസൺ, എ.വി. സുശീലകുമാർ, അഡ്വ. കെ. അനിൽകുമാർ, പി.എം. ജോസഫ്*

## തൂത്തംപാറ പ്രോജക്ട് ടൈഗർ II-ന്റെ ഭാഗമക്കണം

തൂത്തംപാറ നിർദ്ദിഷ്ട പ്രോജക്ട് ടൈഗർ 2-ന്റെ ഭാഗമായി പ്രഖ്യാപിക്കണം, കേരളാ പ്ലാന്റേഷൻ കോർപ്പറേഷൻ കൈമാറാനുള്ള നീക്കം ഉപേക്ഷിക്കാനും, മൃഗങ്ങളുടെ സ്വൈര്യ വിഹാരത്തിന് തടസ്സമായി രാവിലെ സ്ഥാപിച്ചിട്ടുള്ള വൈദ്യുതിവേലി നീക്കം ചെയ്യണം, പൊന്മുടിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഉപേക്ഷിക്കണം എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് 4-12-07 ന് പാലക്കാട് ജില്ലാ കളക്ടറേറ്റിന് മുമ്പിൽ വിവിധ സാമൂഹ്യ-സാംസ്കാരിക-പരിസ്ഥിതി-രാഷ്ട്രീയ-പ്രതിരോധ സംഘടനകളുടെ നേതൃത്വത്തിൽ ധർണ്ണ നടത്തി. തൂത്തംപാറ സംരക്ഷണസമിതി, ജനജാഗ്രതാ സമിതി, നെല്ലിയാമ്പതി നാച്ചുറൽ ഹിസ്റ്ററി സൊസൈറ്റി, ഹരിതാ ഡെവലപ്മെന്റ്സ് അസോസിയേഷൻ, സോളിഡാരിറ്റി, പാലക്കാട് മുന്നോട്ട്, ദേശീയ കർഷകസമാജം എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് ധർണ്ണ സംഘടിപ്പിച്ചത്. മാറാനുള്ള നീക്കം ഉപേക്ഷിക്കണമെന്നും നെല്ലിയാമ്പതി പ്രദേശം മുഴുവനും സർവ്വേ ചെയ്യണമെന്നും അവിടുത്തെ സ്വകാര്യ എസ്റ്റേറ്റുകളും സർവ്വേ ചെയ്യണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഡോ. പി.എസ്. പണിക്കർ മുഖ്യപ്രഭാഷണം നടത്തി. സജേഷ് ചന്ദ്രൻ അദ്ധ്യക്ഷതവഹിച്ചു. മുതലാംതോട് മണി (ദേശീയ കർഷകസമാജം), എം. സുലൈമാൻ (സോളിഡാരിറ്റി), ഡോ.എം.എൻ. അനുവറുദ്ദീൻ (പാലക്കാട് മുന്നോട്ട്), അറുമുഖൻ പത്തിച്ചിറ (ഹരിത ഡെവലപ്മെന്റ് അസോസിയേഷൻ), ടി. രഘുനാഥ് (നെല്ലിയാമ്പതി) നാച്ചുറൽ ഹിസ്റ്ററി സൊസൈറ്റി), വിളയോടി വേണുഗോപാൽ (കൊക്കക്കോള വിരുദ്ധ സമരസമിതി), പ്രസാദ് തൃപ്പയാർ (മദ്യനിരോധന (ഏകതാപരിഷത്ത്), ഡോ. മാന്നാർ ജി. രാധാകൃഷ്ണൻ (നവാബ് രാജേന്ദ്രൻ ഫൗണ്ടേഷൻ), മേജർ പി.എം. രവീന്ദ്രൻ (പീപ്പിൾസ് ഹെൽത്ത് വാച്ച്), ഷാജി ചേലക്കോട്ടിൽ തുടങ്ങിയവർ പ്രസംഗിച്ചു. ഷൈജു വെമ്പല്ലൂർ സ്വാഗതവും ലുക്മാനുൽ ഹക്കീം നന്ദിയും പ്രകാശിപ്പിച്ചു.

*ഡോ. പി.എസ്. പണിക്കർ, ജനജാഗ്രത, തൊറപ്പാളയം, പാലക്കാട്*